**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 593 29.06.2015 ൽ മറുപടിയ്ക്ക്**

## സ്റ്റാർട്ട് അപ് പോളിസി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം.എ. വാഹീദ് | ശ്രീ. പി കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തിന് സ്റ്റാർട്ട് അപ് പോളിസി പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) 12.05.2015 ലെ G.O.(MS)14/2015/ITD നമ്പർ ഉത്തരവ് പ്രകാരം കേരളാ സ്റ്റാർട്ട് അപ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; | (ബി) കേരളത്തിലെ യുവതി യുവാക്കളെ ശാസ്ത്ര സാങ്കേതിക മേഖലകളിൽ വളർത്തിയെടുക്കുക, അവരിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്ത പോളിസിയാണ് കേരളാ സ്റ്റാർട്ട് അപ്പ് പോളിസി. ഈ നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്.<br>1.കേരളത്തിന്റെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം, ഇൻകുബേഷൻ എന്നിവയിലേയ്ക്ക് 5000 കോടി രൂപയുടെ നിക്ഷേപം ആകർഷിയ്ക്കുക.<br>2.യുവസംരംഭക പ്രവർത്തനങ്ങൾക്കായി അടുത്ത 5 വർഷത്തേയ്ക്ക് 2500 കോടി രൂപയുടെ സഹായം നൽകുക.<br>3.ഇന്ത്യൻ ഉടമസ്ഥതയിലുള്ള കൂടുതൽ ഗ്ലോബൽ ടെക്നോളജി കമ്പനികൾ കേരളത്തിൽ തുടങ്ങുക.<br>4.സംസ്ഥാനത്തെ വിവിധ മേഖലകളിൽ ചുരുങ്ങിയത് 10 വീതം ബിസിനസ് ഇൻകുബേറ്റർ /ആക്സലറേറ്റർ സ്ഥാപിക്കുക.<br>5. 10000 ടെക്നോളജി സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം /സൗകര്യം /ഇൻകുബേഷൻ നൽകുക<br>6.ഒരു മില്യൺ ഇൻകുബേഷൻ സ്പെയ്സ് വികസിപ്പിച്ചെടുക്കുക<br>7.കുറഞ്ഞത് 2000 കോടി രൂപയുടെ വെഞ്ചർ |

കാപ്പിറ്റൽ ഫണ്ടിംഗ് ആകർഷിക്കുക
8.ഒരു ബില്യൺ ഡോളർ ടെക്നോളജി കമ്പനിയെങ്കിലും സ്റ്റാർട്ടപ്പിൽ നിന്നും തദ്ദേശീയമായി ഉയർന്നു വരുന്നതിനുള്ള അടിത്തറ സൃഷ്ടിയ്ക്കുക

ഇതുവഴി കേരളത്തെ സംരംഭകത്വ സമൂഹമായി വളർത്തുകയും വിവിധ മേഖലകളിൽ സ്റ്റാർട്ട് അപ്പ് കമ്പനികളെ വളർത്തിയെടുക്കയുമാണ് ലക്ഷ്യമിടുന്നത്

(സി) ഇതിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉണ്ട്.വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ഡി) പ്രസ്തുത പോളിസി എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ?

(ഡി) കേരളാ സ്റ്റാർട്ട് അപ്പ് പോളിസിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. തുടർനടപടികൾ അംഗീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## കേരള ടെക്നോളജി സ്റ്റാർട്ട് അപ്പ് നയത്തിന്റെ പ്രസക്തഭാഗങ്ങൾ

കേരള ടെക്നോളജി സ്റ്റാർട്ട് അപ്പ് നയത്തിന്റെ കരട് രൂപം കേരളാ ഗവൺമെൻറ്, കേരളാ സ്റ്റേറ്റ് ഐ.റ്റി മിഷൻ, ഐ.റ്റി അറ്റ് കേരളാ, ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ തുടങ്ങിയവയുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിൽനിന്നും ലഭിച്ച പൊതുജന അഭിപ്രായത്തെ അടിസ്ഥാനമാക്കിയാണ് പോളിസിയുടെ അന്തിമ രൂപം തയ്യാറാക്കിയിരിക്കുന്നത്.

സ്റ്റാർട്ട് അപ് നയത്തിലെ പ്രധാന ആശയങ്ങൾ ചുവടെ ചേർക്കുന്നു:

കേരളാ ഗവണ്മെന്റിന്റെയോ കേന്ദ്ര ഗവൺമെന്റിന്റെയോ അംഗീകാരം ഉള്ള സ്ഥാപനത്തെയാണ് ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ ആയി കണക്കാക്കുന്നത്. 3 വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്യപ്പെട്ട നൂതന ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ള ടെക്നോളജി കമ്പനികളാണ് സ്റ്റാർട്ട് അപ്. ലോകോത്തര സ്റ്റാർട്ട് അപ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനായി സ്റ്റാർട്ട് അപ് നയത്തെ 9 ആയി വേർതിരിക്കുന്നു

1. ഇൻഫ്രാസ്ട്രക്ച്ചർ: സ്റ്റാർട്ട് അപ് കമ്പനികൾക്കായുള്ള ഇൻക്യുബേഷൻ സൗകര്യം ഗവണ്മെന്റ് അധിഷ്ഠിത ഐ.ടി പാർക്കുകൾ, എസ്.എം. ഇ-ക്ലസ്റ്ററുകൾ തുടങ്ങിയവ നൽകുന്നതാണ്. ടെക്നോപാർക്ക് ടി.ബിഐഎ യുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഇ-പ്ലാറ്റ്ഫോം വഴി വിവിധ ഹയർ എഡ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങിയവയിൽ നൂതന ആശയങ്ങൾ ഉള്ള ഇൻക്യുബേറ്ററുകളും സ്ഥാപിക്കും. കൂടാതെ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ് മോഡലിൽ ഉള്ള ഇൻക്യുബേഷൻ സൗകര്യവും വിവിധ ടെസ്റ്റിംഗ് ലാബുകൾ, ഡിസൈൻ സ്റ്റുഡിയോകൾ തുടങ്ങിയ സൗകര്യങ്ങളും നൽകുന്നതാണ്.

2. ആക്സിലറേറ്റർ: ലോകോത്തര നിലവാരമുള്ള ആക്സിലറേറ്ററുകൾ സ്ഥാപിക്കുന്നതാണ്

3. തൊഴിൽ അവസരം: കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർഥികൾക്കായി നൂതന സാങ്കേതിക ട്രെയിനിംഗ് പരിപാടികൾ നടത്തി വരുന്നുണ്ട്. ഇതുവഴി വിദ്യാർഥികളിൽ വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യം വളർത്തുവാനും അവരെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുവാനും കഴിയുന്നതാണ്.

4. സ്റ്റാർട്ട് അപ് ഫണ്ടിംഗ്: സ്റ്റാർട്ട് അപ്പ്കൾക്കായി വിവിധ ബാങ്കുകളുടെയും ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളുടെയും സഹായം നൽകുന്നതാണ്.

5. സംസ്ഥാന സഹായം: വിവിധ ഇൻക്യുബേറ്ററുകൾക്കും സ്റ്റാർട്ട് അപ്പ്കൾക്കും ഉള്ള ധന സഹായം, VAT/CST തുടങ്ങിയവ തിരികെ നൽകുന്നതാണ്.

6. ചലഞ്ച് ഗ്രാന്റ് ഫോർ ഇന്നവേഷൻ: വിദ്യാർഥികളുടെയും സംരംഭകരുടെയും നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുവാനായാണ് ചലഞ്ച് ഗ്രാന്റ്. സ്റ്റാർട്ട് അപ്പ് കമ്പനികളുടെ

രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും 100% തിരികെ നൽകുകയും രണ്ടാം ഘട്ടത്തിൽ പുതുക്കുന്നതിനായുള്ള തുകയുടെ 50% വും ഇൻക്യുബേറ്ററുകൾ/ ഹോസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് തിരികെ നൽകുന്നതാണ്. സർക്കാർ വക കെട്ടിടങ്ങൾ ടെക്നോളജി ഇൻക്യുബേറ്ററുകൾക്ക് നൽകുകയാണെങ്കിൽ, 5 കൊല്ലത്തേക്ക് ലീസ് വാടകയും, ഓപ്പറേഷൻ & മെയിൻറ്റനൻസ് തുകയും സൗജന്യമായി നൽകുന്നതുമാണ് . ഇൻക്യുബേറ്ററുകൾ സ്വയം പര്യപ്തമാണെങ്കിൽ മേൽപറഞ്ഞവ ബാധകമല്ല. സ്വകാര്യ സ്ഥാപനങ്ങൾ പാട്ടത്തിനോ വാടകയ്ക്കോ എടുക്കുകയാണെങ്കിൽ പ്രതിമാസം 5 രൂപ/ സ്ക്വ.ഫീറ്റ് അല്ലെങ്കിൽ അടച്ച യഥാർത്ഥ വാടക തുകയുടെ 25%, എന്നിവയിൽ ഏതാണോ കുറഞ്ഞ തുക, ആ തുക 3 വർഷത്തിനുള്ളിൽ തിരികെ നൽകുന്നതാണ്. 3 വർഷത്തിൽ താഴെയുള്ള സ്റ്റാർട്ട് അപ്പുകൾക്ക് ഓരോ വർഷവും പുതുതായി നിയമിക്കുന്ന ജീവനക്കാർക്കായുള്ള പരിശീലന തുകയായി 25000 രൂപ നൽകുന്നതാണ്.

7. പേറ്റന്റ് ചെയ്യുവാനായുള്ള തുക: ഇൻക്യുബേറ്റ് ചെയ്ത സ്റ്റാർട്ട് അപ് കമ്പനികൾക്ക് പേറ്റന്റ് ഫയൽ ചെയ്യുന്നതിനും മറ്റുമുള്ള തുക 3 തവണകളായി തിരികെ നൽകുന്നതാണ്.

8. പരിപാടികളുടെ നടത്തിപ്പ്: സ്റ്റാർട്ട് അപ്പുകൾക്കും ഇൻക്യുബേറ്ററുകൾക്കും ഉള്ള എല്ലാ ധന സഹായങ്ങളും ടി-ടി.ബി.ഐ വഴി ആയിരിക്കും നൽകുന്നത്.

9. പുതിയ ഇൻക്യുബേറ്ററുകൾ സ്ഥാപിക്കുക; നിലവിലുള്ളതിനെ ഉയർത്തുക.: ടെക്നോളജി ഇൻക്യുബേറ്ററുകളെ ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് , 3D പ്രിൻറിംഗ്, ഫാർമ, ഇന്ധനം, മൊബിലിറ്റി, ക്ലൌഡ് കംപ്യൂട്ടിംഗ്, ഇലക്ട്രോണിക്സ്, അനിമേഷൻ പ്രിന്റ് ഇലക്ട്രോണിക്സ്, സോഷ്യൽ മീഡിയ എന്നീ മേഖലകൾ കേന്ദ്രീകരിച്ച ഉയർത്തുവാൻ ഉദേശിക്കുന്നു.

സ്റ്റാർട്ട് അപ്പ് - ബൂട്ട്അപ്പ് -സ്കേൽഅപ്പ് മോഡൽ: ടെക്നോപാർക്ക് ടി ബി ഐ ദേശീയ തലത്തിൽ ഉള്ള സോഫ്റ്റ് വെയർ അസോസിയേഷനുകളുമായി കൂടിച്ചേർന്ന് NIC (National Industrial Classification ) Code അംഗീകരിച്ച ഒരു വ്യവസായമായി പരിഗണിക്കുവാനും അതുവഴി നികുതിഘടന ഉറപ്പാക്കുകയും, ഇരട്ട നികുതി ഒഴിവാക്കാനുള്ള പ്രവർ ത്തനം നടത്താനും ഉദ്ദേശിക്കുന്നു. ടെക്നോപാ ർക്ക് ടി ബി ഐ, SEBI, RBI പോലുള്ള ദേശീയ ഏജൻസികളുമായി ഒപ്പം ചേരുകയും ക്രൌഡ് ഫണ്ടിങ്ങിനു വേണ്ടിയുള്ള വേദി സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു.

സ്റ്റാർട്ട് അപ്പ് മോഡൽ പ്രോഗ്രാമുകൾ: തിരഞ്ഞെടുത്ത 50 സ്റ്റാർട്ട് അപ്പുകൾക്ക് മാർഗദർശികളുടെയും ഉത്പന്നങ്ങൾ വികസിപ്പിക്കുവാനും വിറ്റഴിക്കുവാനുമുള്ള ധന സഹായങ്ങളും ലഭ്യമാക്കുന്നു.

മേല്പറഞ്ഞ സ്റ്റാർട്ട് അപ്പ് പോളിസിയുടെ കാലാവധി പ്രഖ്യാപന തീയതിയിൽ നിന്നും 5 വർഷമോ അല്ലെങ്കിൽ ഇതിനു സമമായ പുതിയൊരു പോളിസി നിലവിൽ വരുന്നതുവരെയോ ആയിരിക്കും